പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3755 | 30.01.2014 -ൽ മറുപടിക്ക്

ട്രാൻസ് ടവേർസിന്റെ നിർമ്മാണ ചെലവ്

ചോദ്യം | ഉത്തരം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള മോട്ടോർ വാഹന വകുപ്പിന്റെ ഭൂമിയിൽ കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് ബി.ഒ.ടി വ്യവസ്ഥയിൽ നിർമ്മിച്ച വഴുതക്കാട്ടുള്ള 'ട്രാൻസ് ടവേർസി'ന്റെ നിർമ്മാണച്ചെലവ് എത്രയാണ് ; | (എ) | ₹. 19,88,32,780.50/- |
| (ബി) | ബി.ഒ.ടി സ്കീം പ്രകാരം എത്ര വർഷം കഴിഞ്ഞാൽ പ്രസ്തുത കെട്ടിടം മോട്ടോർ വാഹന വകുപ്പിന് കൈമാറാൻ സാധിക്കും ; | (ബി) | നിർമ്മാണ ചെലവ് പിരിഞ്ഞു കിട്ടുന്നത് വരെ കെ.റ്റി.ഡി.എഫ്.സി.യുടെ ഉടമസ്ഥതയിൽ പ്രസ്തുത കെട്ടിടം നില നിർത്താനാണ് വ്യവസ്ഥ. ബി.ഒ.ടി കാലാവധി തീരുമാനിച്ചതിനുശേഷം മാത്രമേ പ്രസ്തുത കെട്ടിടം മോട്ടോർ വാഹന വകുപ്പിന് കൈമാറുന്നതിനുള്ള തീയതി നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. ബി.ഒ.ടി കാലാവധി തീരുമാനിച്ചിട്ടില്ല. ട്രാൻസ് ടവേർസ് നിർമ്മാണവുമായി ബന്ധപ്പെട്ട് പുരോഗമിക്കുന്ന വിജിലൻസ് അന്വേഷണം പൂർത്തിയായതിനു ശേഷം മാത്രമേ കാലാവധി നിശ്ചയിക്കുവാൻ നിർവ്വാഹമുള്ളൂ. |
| (സി) | ഇതു സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകളുടെയും എഗ്രി മെന്റുകളുടെയും പകർപ്പ് ലഭ്യമാക്കാമോ ; | (സി) | ഇതു സംബന്ധിച്ച എഗ്രിമെന്റ് വ്യവസ്ഥകൾ അടങ്ങിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കെട്ടിടത്തിൽ നിന്നും നാളിതുവരെ കെ.ടി.ഡി.എഫ്.സിക്ക് വാടകയിനത്തിലും മറ്റിനത്തിലും പിരിഞ്ഞു കിട്ടിയ തുക എത്രയെന്നറിയിക്കാമോ ; | (ഡി) | വാടകയിനത്തിൽ ടി.ഡി.എസ് സഹിതം നാളിതുവരെ 7,00,68,582/- രൂപയും മറ്റിനങ്ങളിലായി 30,17,714/- രൂപയും പിരിഞ്ഞുകിട്ടിയിട്ടുണ്ട്. |
| (ഇ) | ട്രാൻസ് ടവേർസിൽ പ്രവർത്തിക്കുന്ന മോട്ടോർ വാഹന വകുപ്പിന്റെയും കെ.ടി.ഡി.എഫ്.സിയുടെയും ഓഫീസുകൾ ഒഴികെയുള്ള മുൻപ് പ്രവർത്തിച്ചിരുന്നതും ഇപ്പോൾ പ്രവർത്തിക്കുന്നതുമായ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും മറ്റു സ്വകാര്യ സ്ഥാപനങ്ങളുടെയും പേരുകൾ ലഭ്യമാക്കാമോ ; ഇവരിൽ നിന്നും വർഷാവർഷം നാളിതുവരെ പിരിഞ്ഞു കിട്ടിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കാമോ ; | (ഇ) | വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |
| (എഫ്) | ഇനിയും ബാക്കി എന്ത് തുക കൂടി പിരിഞ്ഞു കിട്ടിയാലാണ് കെ.ടി.ഡി. എഫ്.സി ചെലവാക്കിയ തുക പൂർണ്ണമായും അടച്ചു തീർക്കാൻ കഴിയുന്നത് ; | (എഫ്) | ബി.ഒ.ടി കാലാവധി തിട്ടപ്പെടുത്താത്തതിനാലും മോട്ടോർ വാഹന വകുപ്പിൽ നിന്നും നൽകേണ്ട തുക നൽകാത്തതിനാലും പലിശ ഉൾപ്പടെയുള്ള തുക നിശ്ചയിക്കാൻ കഴിയാതെ പോകുന്നു. ആയതിനാൽ കൃത്യമായ തുക കണക്കാക്കാൻ നിർവ്വാഹമില്ല. |
| (ജി) | ഇതിന്റെ നിർമ്മാണ ചെലവ് പിരിഞ്ഞു കിട്ടുന്നതു വരെ കെ.ടി. ഡി.എഫ്.സി.യുടെ ഉടമസ്ഥതയിൽ പ്രസ്തുത കെട്ടിടവും സ്ഥലവും നിലനിർത്താനാണ് വ്യവസ്ഥയെങ്കിൽ ചെലവായ തുക കെ.ടി.ഡി. എഫ്.സി-ക്ക് നൽകി ട്രാൻസ് ടവേർസ് മോട്ടോർ വാഹന വകുപ്പിനു കൈമാറുന്നതിന് വേണ്ട നടപടികൾ തുടങ്ങിയിട്ടുണ്ടോ ; | (ജി) | നിർമ്മാണ ചെലവ് പിരിഞ്ഞു കിട്ടുന്നതുവരെ കെ.റ്റി.ഡി.എഫ്.സി.യുടെ ഉടമസ്ഥതയിൽ നിലനിർത്താനാണ് വ്യവസ്ഥ. (ബി) ഹിരിവിൽ വിശദീകരിച്ച സാഹചര്യത്തിൽ, ചെലവായ തുക കെ.റ്റി.ഡി.എഫ്.സിയ്ക്ക് നൽകി മോട്ടോർ വാഹന വകുപ്പിന് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (എച്ച്) | തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി വക കെട്ടിടത്തിന് വാടകയിനത്തിൽ എത്ര രൂപയാണ് നൽകിവരുന്നത് ; | (എച്ച്) | വാടകയിനത്തിൽ പ്രതിമാസം 30,100/- രൂപ കെ.എസ്.ആർ.ടി.സിയുടെ ഇന്റർ സ്റ്റേറ്റ് / സ്റ്റേജ് കാര്യേജിന്റെ നികുതി ഇനത്തിൽ ക്രമീകരിക്കുന്നുണ്ട്. |
| (ഐ) | തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ഉൾപ്പെടെ മോട്ടോർ വാഹന വകുപ്പിന്റെ പല ഓഫീസുകളും ഭാരിച്ച വാടക നൽകി പ്രവർത്തിക്കുമ്പോൾ കെ.ടി.ഡി.എഫ്.സി-ക്ക് ചെലവായ തുക നൽകി 'ട്രാൻസ് ടവേർസ്' സർക്കാർ ഏറ്റെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ? | (ഐ) | നിർമ്മാണ ചെലവ് പിരിഞ്ഞു കിട്ടുന്നത് വരെ കെ.റ്റി.ഡി.എഫ്.സി.യുടെ ഉടമസ്ഥതയിൽ പ്രസ്തുത കെട്ടിടം നിലനിർത്താനാണ് നിലവിലെ വ്യവസ്ഥ. ബി.ഒ.ടി കാലാവധി തീരുമാനിച്ചതിനു ശേഷം മാത്രമേ പ്രസ്തുത കെട്ടിടം മോട്ടോർ വാഹന വകുപ്പിന് കൈമാറുന്നതിനുള്ള തീയതി നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. ബി.ഒ.ടി കാലാവധി തീരുമാനിച്ചിട്ടില്ല. ട്രാൻസ് ടവേർസ് നിർമ്മാണവുമായി ബന്ധപ്പെട്ട് പുരോഗമിക്കുന്ന വിജിലൻസ് അന്വേഷണം പൂർത്തിയായതിനു ശേഷം മാത്രമേ കാലാവധി നിശ്ചയിക്കുവാൻ നിർവ്വാഹമുള്ളൂ. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**